# താമരശ്ശേരി ഗ്രാമപഞ്ചായത്ത്

താമരശ്ശേരി പി ഒ ,  കോഴിക്കോട്ട് - 673573

ഫോൺ/Phone: +91495 2222252

ഇ-മെയിൽ/e-mail: thamarasserygp@gmail.com

## പതിനാലാം പഞ്ചവൽസര പദ്ധതി

## (2022-27)

## 2021-22 വാർഷിക പദ്ധതി രൂപീകരണം

# അന്തിമ പദ്ധതി രേഖ

# ആമുഖം

ബഹുമാന്യരെ,

താമരശ്ശേരി ഗ്രാമപഞ്ചായത്ത് 2021-22 വർഷത്തെ ജനകീയാസൂത്രണ പദ്ധതിരേഖ തയ്യാറാക്കപ്പെട്ടിരിക്കുകയാണ്.ഇത് പുതിയ ഭരണസമിതിയുടെ ആദ്യ വാർഷിക പദ്ധതിയാണ്.

നമ്മുടെ പ്രദേശത്തിൻറെ ഭൂപ്രകൃതിയും സാധ്യതകളും വിഭവങ്ങളും ജനങ്ങളുടെ ആവശ്യങ്ങളും പരിഗണിച്ചും ജനക്ഷേമ പദ്ധതികൾ വളരെ കൂടുതൽ ഉൾക്കൊള്ളിച്ചും കൊണ്ടുള്ള പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്.പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളോട് ചേർന്നു നിന്ന് വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും സമഗ്ര വികസനം എന്ന ലക്ഷ്യം മുൻ നിർത്തിയുമാണ് പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളത്. ഈ വർഷം താഴെ പറയുന്ന മേഖലകൾക്കാണ് ഗ്രാമപഞ്ചായത്ത് പദ്ധതിയിൽ കൂടുതൽ ഊന്നൽ നൽകിയിട്ടുള്ളത്.

- ഭവന പദ്ധതികൾ - ലൈഫ് പദ്ധതി , വീട് വാസയോഗ്യമാക്കല്
- കുടിവെള്ള പദ്ധതികൾ
- ശുചിത്വ മാലിന്യ സംസ്കരണ പദ്ധതികൾ
- തൊഴിൽ സംരംഭങ്ങൾ

കഴിഞ്ഞകാല പദ്ധതികൾ നിലനിർത്തി കൊണ്ടു തന്നെ ഒട്ടേറെ വേറിട്ട പദ്ധതികളും നടപ്പിലാക്കാൻ ഗ്രാമപഞ്ചായത്ത് വിഭാവനം ചെയ്യുന്നുണ്ട്പദ്ധതികൾ ലക്ഷ്യ പ്രാപ്തിയിൽ എത്തുന്നതിന് സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും പിന്തുണ ആവശ്യമാണ്.ഗ്രാമസഭകൾ നൽകിയ വിലപ്പെട്ട നിർദേശങ്ങൾ തികച്ചും പരിഗണിച്ച കൊണ്ടാണ് ഭരണസമിതി പദ്ധതികൾ തയ്യാറാക്കിയത്.പദ്ധതി രൂപീകരണത്തിൻറെ ഭാഗമായി വിവിധ വിഷയ മേഖലകളിൽ പതിനഞ്ച് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ച് വർക്കിംഗ് ഗ്രൂപ്പ് നിർദേശങ്ങൾ പരിഗണിച്ചും ഗ്രാമസഭകള് നൽകിയ വിലപ്പെട്ട നിർദേശങ്ങൾ പരിഗണിച്ചും കൊണ്ടാണ് ഭരണസമിതി പദ്ധതികൾ തയ്യാറാക്കിയത്.

പഞ്ചായത്തിൻറെ വികസനത്തിനാവശ്യമായ നിർദേശങ്ങളും കാഴ്ചപ്പാടുകളും ഉൾക്കൊള്ളുന്ന വിധം പദ്ധതി രേഖ തയ്യാറാക്കുന്നതിന് സഹായിച്ച ജനപ്രതിനിധികൾക്കും ആസൂത്രണ സമിതി അംഗങ്ങൾക്കും വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്കും , സെക്രട്ടറി ഉൾപ്പെടെയുള്ള എല്ലാ ജീവനക്കാരേയും നിർവ്വഹണ ഉദ്യോഗസ്ഥൻമാരേയും നന്ദിയോടെ സ്മരിച്ച കൊണ്ട് 2021-22 വർഷത്തെ പദ്ധതി രേഖ ജനസമക്ഷം സമർപ്പിക്കുന്നു.

സ്നേഹാദരങ്ങളോടെ,

(ഒപ്പ്)

24.02.2021

**മുഹമ്മദ് അബ്ദുറഹ്മാൻ ജെ.ടി**

# ഭരണസമിതി അംഗങ്ങൾ

1. മുഹമ്മദ് അബ്ദുറഹിമാൻ ജെ ടി (പ്രസിഡണ്ട്)
2. ഖദീജ സത്താർ (വൈസ് പ്രസിഡണ്ട് )
3. എം പി അയ്യൂബ്ഖാ ൻ (ചെയർമാൻ, വികസന കാര്യ സ്റ്റാൻറിംഗ് കമ്മറ്റി)
4. എ അരവിന്ദൻ (ചെയർമാൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മറ്റി
5. മഞ്ജിത കെ (ചെയർപേഴ്സൺ, ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി )
6. സൗദാ ബീവി
7. ആയിഷ മുഹമ്മദ്
8. ഫസീല ഹബീബ്
9. വി എം വള്ളി
10. മുസ്തഫ എ പി
11. എ പി സജിത്ത്
12. ജോസഫ് മാത്യു
13. ഷംസിത ഷാഫി
14. അനിൽ കുമാ ർ
15. അബ്ദുൾ അസീസ്
16. എം വി യുവേഷ്
17. ആർഷ്യ ബി എം
18. റംല ഖാദർ
19. ബുഷ്റ അഷ്റഫ്

# ജനപ്രതിനിധികൾ

**എം.കെ.രാഘവൻ        എം പി (കോഴിക്കോട് പാർലമെൻറ് മണ്ഡലം)**

**കാരാട്ട് അബ്ദുൾ റസാഖ് എം.എൽ.എ (കൊടുവള്ളി നിയോജക മണ്ഡലം)**

***ജില്ലാ പഞ്ചായത്ത് അംഗങ്ങൾ***

**ഷറഫുന്നിസ ടീച്ചർ**

**അംബിക മംഗലത്ത്**

**റംസീന**

***ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ***

**സുമ രാജേഷ്**

**അഷ്‌റഫ് മാസ്റ്റർ**

**കൗസർ    മാസ്റ്റർ**

## പൊതു വിവരങ്ങൾ

| | | |
|---|---|---|
| ഗ്രാമ പഞ്ചായത്തിന്റെ പേര് | : | താമരശ്ശേരി |
| റവന്യൂ വില്ലേജുകൾ | : | രാരോത്ത്, കെടവൂർ |
| വാർഡുകളുടെ എണ്ണം | : | 19 |
| ബ്ലോക്ക് | : | കൊടുവള്ളി |
| താലൂക്ക് | : | താമരശ്ശേരി |
| ജില്ല | : | കോഴിക്കോട് |
| നിയമസഭ | ; | കൊടുവള്ളി |
| ലോകസഭ | : | കോഴിക്കോട് |
| വിസ്തീർണ്ണം | : | 27.17 ച.കി.മി |
| ചെറു നീർത്തടങ്ങൾ | : | |
| | : | 1. പള്ളിപ്പുറം നീർത്തടം (കോരപ്പുഴയുടെ ഭാഗം)<br>2. വെഴുപ്പൂർ നീർത്തടം (ചാലിയാറിന്റെ ഭാഗം)<br>3. അണ്ടോണ നീർത്തടം (ചാലിയാറിന്റെ ഭാഗം) |
| ജനസംഖ്യ | : | 35706 |
| സ്ത്രീകൾ | : | 18653 |
| പുരുഷൻമാർ | : | 17053 |
| പട്ടികജാതി ജനസംഖ്യ | : | 3374 |
| സ്ത്രീകൾ | : | 1739 |
| പുരുഷൻമാർ | : | 1635 |
| പട്ടികവർഗ്ഗ ജനസംഖ്യ | : | 127 |
| സ്ത്രീകൾ | : | 70 |
| പുരുഷൻമാർ | : | 57 |
| ആകെ വീടുകൾ | : | 9730 |
| സാക്ഷരത | : | 96.14% |
| അതിരുകൾ | : | |
| വടക്ക് | : | കട്ടിപ്പാറ ഗ്രാമ പഞ്ചായത്ത് |
| തെക്ക് | : | കൊടുവള്ളി നഗരസഭ |
| കിഴക്ക് | : | ഇരുതുള്ളിപ്പുഴ (ഇരുവഞ്ഞിപ്പുഴയുടെ ഭാഗം) |
| പടിഞ്ഞാറ് | : | പൂനൂർ പുഴ |

## ഗ്രാമ പഞ്ചായത്ത് ജീവനക്കാർ

| | | |
|---|---|---|
| സെക്രട്ടറി | : | ജെയ്സൻ.എൻ.ഡി |
| അസി: സെക്രട്ടറി | : | ദേവദാസൻ.കെ |
| ജൂനിയർ സൂപ്രണ്ട് | : | വിനോദൻ.എൻ |
| അക്കൗണ്ടന്റ് | : | മുഹമ്മൂദ്.ടി.പി |
| സീനിയർ ക്ലാർക്ക് | : | 1. ജിഷാദലി.പി<br>2. സുനിൽ കുമാർ. പി.കെ<br>3. മഹേഷ്. പി.പി<br>4. നിഷ.കെ.എൻ |
| ക്ലാർക്ക് | : | 1. സുനിത. പി<br>2. അർജുൻ.എസ്.എസ്<br>3. മുഹസിൻ. എ. കെ<br>4. വേണുഗോപാലൻ.കെ<br>5. ഫിറോസ് ബാബു. ടി. കെ<br>6. സരിൻ.എം.എസ് |
| ഓഫിസ് അറ്റൻഡന്റ് | : | 1. കമറുദ്ദീൻ. കെ. കെ<br>2. അനിത.ടി |
| ടെക്നിക്കൽ അസിസ്റ്റന്റ് | : | പ്രഗിത.കെ |
| എഫ്.ടി.എസ് | : | 1. ജമീല. കെ<br>2. അനില. എ<br>3. ശ്രീനിവാസൻ. എം<br>4. ബാലൻ. പി. കെ |
| ഡ്രൈവർ | : | 1. മുഹമ്മദ് ഇസ്ഹാഖ്. ഇ. കെ<br>2. മുഹമ്മദ് ലുഖ്മാൻ. എൻ. പി |

**എഞ്ചിനീയറിംഗ് വിംഗ്** :

| | | |
|---|---|---|
| അസി: എഞ്ചിനിയർ | : | അഖില ഉണ്ണികൃഷ്ണൻ |
| ഓവർസിയർ | : | ഗ്രെയ്സൺ ജോർജ്ജ് |
| ഓവർസിയർ | : | റസീന. പി |
| ക്ലാർക്ക് | : | അനീഷ് |

**വി.ഇ.ഒ** :

| | | |
|---|---|---|
| 1. | : | ഫസ്ന |
| 2. | : | ലിനീഷ് |

**കുടുംബശ്രീ-സി.ഡി.എസ്**

| | | |
|---|---|---|
| 1. | : | സഫിയ കാരാട്ട് - ചെയർപേഴ്സൺ |
| 2. | : | ജിഷ - എക്കൗണ്ടന്റ് |

എൻ.ആർ.ഇ.ജി.എസ് :

| | | |
|---|---|---|
| അക്രഡിറ്റഡ് എഞ്ചിനിയർ | : | ഫത്വിൻ മുഹമ്മദ്.എ.കെ |
| ഓവർസിയർ | : | ഫസ്‌ല. പി. കെ |
| ഓവർസിയർ | : | അമൃത ബാലചന്ദ്രൻ |
| എക്കൗണ്ടന്റ് കം ഡി.ഇ.ഒ | : | സിന്ധു. എസ് |
| എക്കൗണ്ടന്റ് കം ഡി.ഇ.ഒ | : | മുഹമ്മദ് ഫാസിൽ.കെ |

# സൂചിക


| അദ്ധ്യായം | വിഷയം | പേജ് നമ്പർ |
|---|---|---|
| 1 | തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ വികസന സ്ഥിതി അവസ്ഥ | 8 |
| 2 | 2020-21 വാർഷിക പദ്ധതി വിലയിരുത്തൽ (അവലോകനം) | 11 |
| 3 | പ്രശ്ന വിശകലനവും പ്രശ്നപരിഹാര സാധ്യതകളും | 15 |
| 4 | വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം | 16 |
| 5 | വിഭവ സ്രോതസുകൾ | 17 |
| 6 | പ്രൊജക്ടുകളും, അവയുടെ വിശദാംശങ്ങളും | 18 |
| 7 | പ്രത്യേക പദ്ധതികൾ / പരിപാടികൾ | 24 |
| 8 | വായ്പാബന്ധങ്ങൾ | 25 |
| 9 | സമഗ്രപരിപാടികളും സംയോജന സാധ്യതകളും | 25 |
| 10 | മോണിറ്ററിംഗ് സംവിധാനങ്ങൾ | 26 |

# അദ്ധ്യായം – 1

## തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ വികസന സ്ഥിതി അവസ്ഥ

**ഭൂപ്രകൃതിയും പാരിസ്ഥിതിക സവിശേഷതകൾ :**

പഴയകാല മലബാർ ജില്ലയിലെ ആദ്യ പഞ്ചായത്തുകളിൽ ഒന്നാണ് താമരശ്ശേരി. കുറ്റൻ മലനിരകളുടെ താഴ് വര പ്രദേശമാകയാൽ താഴ് മല ചേരി എന്ന പേര് കാലാന്തരത്തിൽ ലോപിച്ച് താമരശ്ശേരി ആയതാണെന്ന് കരുതപ്പെടുന്നു. പഞ്ചായത്തിലെ കുന്നുകളും താഴ് വരകളും പുഴയോരങ്ങളും നിറഞ്ഞ പ്രദേശങ്ങൾ അരനൂറ്റാണ്ട് മുൻപ് വന്യ മൃഗങ്ങൾ വിഹരിച്ചിരുന്ന പ്രദേശമായിരുന്നു. കേരളപിറവിക്കു മുൻപുതന്നെ പഴയ തിരുവിതാംകൂറിൽ നിന്നെത്തെത്തിയ കുടിയേറ്റക്കാരുടെ ഇടപെടൽ പ്രദേശത്തെ കാർഷിക മേഖലയാക്കി മാറ്റി. പിന്നീടിങ്ങോട്ട് ദ്രുതഗതിയിലുള്ള മാറ്റങ്ങൾക്ക് വിധേയമായി, കൃഷിക്കുപരിയായി വാണിജ്യവും മറ്റു മേഖലകളും വളർന്നു. താമരശ്ശേരിയുടെ ഭൂമിശാസ്ത്രപരമായ കിടപ്പും റോഡ് സൗകര്യങ്ങളും അതിനു ചാലകമാകുകയും ചെയ്തു.

പശ്ചിമഘട്ട മലനിരകളുടെ പടിഞ്ഞാറുഭാഗത്തായി 27.17 ചതുരശ്ര കിലോ മീറ്റർ വിസ്തീർണ്ണത്തിൽ 35000-ത്തില് അധികം ജനങ്ങൾ അധിവസിക്കുന്ന അനുദിനം പുരോഗതിയിലേക്ക് കുതിച്ചു കൊണ്ടിരിക്കുന്ന ചെറുകുന്നുകളും സമതലവും ഉൾപ്പെട്ട പഞ്ചായത്താണ് താമരശ്ശേരി.

. ചെറുകുന്നുകളുടെ താഴ്‌വരകൾ ഉൾപ്പെടുന്ന സമതലം മിക്കവാറും വയലുകളാണ്. നെൽകൃഷി വ്യാപകമായിരുന്ന മിക്ക വയലുകളും പച്ചക്കറി വിളങ്ങൾക്ക് വഴിമാറി കൃഷി ചെലവ് വർദ്ധിച്ചതും തൊഴിലാളി ക്ഷാമവും നെൽകൃഷിയെ നാമമാത്രമാക്കി കരഭൂമിയിൽ തെങ്ങ്, കവുങ്ങ്, റബ്ബർ തുടങ്ങിയവയാണ് മുഖ്യകൃഷികൾ.

കാലവർഷവും തുലാവർഷവും കൂടി ശരാശരി 300 സെന്റീ മീറ്റർ അധികം മഴ ലഭിക്കുന്ന പ്രദേശമാണ്. ചരൽകലർന്ന ചുവന്നമണ്ണും, എക്കൽമണ്ണും, ചില ഭാഗങ്ങളിൽ വനമണ്ണും കാണുന്നു. പൊതുവെ ഈ പ്രദേശത്ത് മിതശീതോഷ്ണ കാലാവസ്ഥ അനുഭവപ്പെടുന്നു. താമരശ്ശേരി പഞ്ചായത്ത് മൂന്ന് ചെറുനീർത്തടങ്ങൾ ഉൾപ്പെടുന്നു.

**പള്ളിപ്പുറം നീർത്തടം :**

പഞ്ചായത്തിന്റെ 1, 2, 16, 19, 18, 17, 15 വാർഡുകൾ ഉൾപ്പെടുന്നതാണ് പള്ളിപ്പുറം നീർത്തടം. കോരങ്ങാട്, അവേലം, പള്ളിപ്പുറം, ഈർപ്പോണ, കെടവൂർ, വാടിക്കൽ, തേനാമ്പുറം എന്നിവയാണ് ഈ നീർത്തടത്തിലെ പ്രധാന പ്രദേശങ്ങൾ. ചെങ്കൽമണ്ണ്, എക്കൽമണ്ണ്, മണൽ മണ്ണ് എന്നിവ കാണപ്പെടുന്നു. 300 സെനന്റീമീറ്ററിൽ അധികം മഴ ലഭിക്കുന്ന പ്രദേശമാണ്.

**വെഴുപ്പൂർ നീർത്തടം :**

താമരശ്ശേരി പഞ്ചായത്തിന്റെ 7, 6, 3, 9, 18, 4 എന്നീ വാർഡുകൾ ഉൾപ്പെടുന്നതാണ് വെഴുപ്പൂർ നീർത്തടം. അമ്പലമുക്ക്, കുടിക്കിലുമ്മാരം, ചാവറ എസ്റ്റേറ്റ്, വെഴുപ്പൂർ, അമ്പായത്തോട്, ഫിലോമിനപുരം എസ്റ്റേറ്റ്, കോളിയാറ എസ്റ്റേറ്റ് എന്നിവയാണ് പ്രധാന പ്രദേശങ്ങൾ.

മിതശീതോഷ്ണ കാലാവസ്ഥ അനുഭവപ്പെടുന്നു. ജൂൺ മുതൽ ആഗസ്റ്റ് വരെ ഇടവപ്പാതിയും സെപ്തംബർ മുതൽ ഒക്ടോബർ വരെ തുലാവർഷവും ലഭിക്കുന്നു. ഏതാനും വർഷങ്ങളായി കാലം തെററിയ കനത്തമഴയും ലഭിക്കുന്നുണ്ട്.

ചരൽ കലർന്ന ചുവന്ന മണ്ണും, എക്കൽ മണ്ണും, വനമണ്ണും കാണപ്പെടുന്നു. റബ്ബറും തെങ്ങുമാണ് പ്രധാന കൃഷികൾ.

**<u>അണ്ടോണ നീർത്തടം :</u>**

താമരശ്ശേരി പഞ്ചായത്തിന്റെ 12, 8, 11, 10 എന്നീ വാർഡുകൾ മുഴുവനായും 14, 9 വാർഡുകളുടെ പകുതി ഭാഗവും ഉൾപ്പെട്ടതാണ് അണ്ടോണ നീർത്തടം. കാരാടി, അണ്ടോണ എന്നിവയാണ് പ്രധാന പ്രദേശങ്ങൾ.

മിതശീതോഷ്ണ കാലാവസ്ഥ പൊതുവെ അനുഭവപ്പെടുന്നു. ജൂൺ മുതൽ ഡിസംബർ 7 മാസക്കാലം മഴ ലഭിക്കുന്നു.

ചരൽകലർന്ന ചുവന്നമണ്ണ്, എക്കൽമണ്ണ് എന്നിവയാണ് മൺതരങ്ങൾ, പ്രധാനകൃഷി തെങ്ങ്, കവുങ്ങ്, നെല്ല്, കുരുമുളക്ക്, വാഴ തുടങ്ങിയവയും. ഇഞ്ചി, മഞ്ഞൾ, ചേന, ചേമ്പ്, കാച്ചിൽ, മരച്ചീനി എന്നിവ ഇടവിളയായും കൃഷിചെയ്യുന്നു.

വെഴുപ്പൂർ, അണ്ടോണ നീർത്തടങ്ങളിലെ നീർച്ചാൽ ഇരുതുള്ളിപുഴയിലും പള്ളിപ്പുറം നീർത്തടത്തിന്റെ നീർച്ചാൽ പൂനൂർപുഴയിലും ചേരുന്നു. ഈ പഞ്ചായത്തിൽ വനപ്രദേശം ഉൾപ്പെടുന്നില്ല, ദേശീയ പാതയും ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നു. താമരശ്ശേരി പഞ്ചായത്തിലെ പ്രധാന പട്ടണം താമരശ്ശേരി ടൗൺ ആണ്. അതിവേഗം വളരുന്ന ഒരു ടൗൺഷിപ്പായി താമരശ്ശേരി ടൗൺ മാറികൊണ്ടിരിക്കുന്നു.

## <u>സാമൂഹിക സാമ്പത്തിക പശ്ചാത്തലം :</u>

കാർഷിക വൃത്തി അടിസ്ഥാനമാക്കി വളർന്നു വന്ന സംസ്കാരിക പാരമ്പര്യമാണ് നമ്മുടെ പഞ്ചായത്തിന്റെ പാശ്ചാത്തലം. പല പ്രമുഖ തറവാടുകളും ഉൾക്കൊള്ളുന്ന നാട്ടുവാഴിത്ത സമ്പ്രദായങ്ങൾ കേരളത്തിലെ ഇതര പ്രദേശങ്ങളെ പൊലെ തന്നെ താമരശ്ശേരിയിലും നില നിന്നിരുന്നു. ഹൈന്ദവരും, മുസ്ലിംകളും, ക്രിസ്ത്യാനികളും ഐക്യവും മതേതരത്വവും കാത്തു സൂക്ഷിച്ചിരുന്ന പൈതൃകമാണ് താമരശ്ശേരിക്കുള്ളത്. ഈ സൗഹൃദത്തിന്റെ പല അടയാളപ്പെടുത്തലുകളും നമ്മുടെ പ്രദേശത്ത് ഇന്നും കാണാൻ സാധിക്കുന്നു. താമരശ്ശേരിയുടെ ഹൃദയഭാഗത്ത് കോട്ടയിൽ ഭഗവതി ക്ഷേത്രവും കെടവൂർ ജുമാമസ്ജിദും ഒരേ പക്ഷിയുടെ തൂവൽ പോലെ പ്രൗഢിയോടെ നിൽക്കുന്നത് നമ്മുടെ സാമുദായിക സൗഹാർദത്തിന്റെ മാറ്റു കൂട്ടുന്നു. ഓത്തു പള്ളികളായിരുന്നു. ഈ പ്രദേശത്തെ ആദ്യകാല പാഠശാലകൾ, പിന്നീട് പരിണമിച്ച് ആധുനിക വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന രൂപങ്ങളായ പള്ളികൂടങ്ങളായി മാറുകയുണ്ടായി.

പ്രകൃതിക്കിണങ്ങിയ നാടൻ കൃഷി മാർഗ്ഗങ്ങളാണ് ആദ്യകാലങ്ങളിൽ നടത്തപ്പെട്ടിരുന്നത്. നിലം മുഴിയുന്നതിനും, പരുവപ്പെടുത്തുന്നതിനും കാളയും കലപ്പയും ചെരുപ്പ് തടിയും കട്ടത്തടിയും മറ്റും ഉപയോഗിച്ചിരുന്നു. ജലത്തിനായി അധികവും മഴയെ ആശ്രയിച്ച കൃഷിയായിരുന്നു. ജൈവ വളങ്ങൾ വ്യാപകമായും സമൃദ്ധമായും ഉപയോഗിക്കപ്പെട്ടിരുന്നു. കളയും കീടങ്ങളും നശിപ്പിക്കുന്നതിന് കായിക മാർഗ്ഗങ്ങൾ ഉപയോഗിച്ചിരുന്നു. ജല സേചനത്തിനും ജല മാർഗ്ഗത്തിനുമുതകുന്ന വിധത്തിൽ തോടുകളും കുളങ്ങളും സംരക്ഷിക്കപ്പെടുകയും കാർഷിക മേഖലയുടെ ജീവൻ തുടിപ്പിക്കുന്ന സിരാ – ധമനികളായി നില നിർത്തപ്പെടുകയും ചെയ്തു പോന്നു.

നാടിന് വേണ്ടി സമ്പത്ത് ഉൽപ്പാദിക്കപ്പെടുന്നവരെന്ന നിലയിൽ കർഷകർക്കും കർഷക തൊഴിലാളികൾക്കും സമൂഹത്തിൽ പരിഗണന നൽകപ്പെട്ടിരുന്നു.

കാർഷിക പരിഷ്കരണം നടപ്പിലായതോടെ ഈ മേഖലയിലെ ചെറുകിട കൃഷിക്കാർ മറ്റു പല തൊഴിൽ മേഖലയിലേക്കും ചേക്കേറുകയും കർഷക തൊഴിലാളികളെ കൂലിക്ക് വെച്ച് പണിയെടുപ്പിക്കുന്നതിനും തയ്യാറായി. കൂടാതെ ആധുനിക വിദ്യാഭ്യാസം വ്യാപകമായതോടെ കർഷകത്തൊഴിലാളികളുടെ പിൻമുറക്കാർ മറ്റു തൊഴിൽ മേഖലയിലേക്ക് മാറിതുടങ്ങി. നെൽകൃഷി ആധുനികവൽകരിച്ചതോടെ പുത്തൻ വിത്തിനങ്ങൾ, രാസവളങ്ങൾ, കീടനാശിനികൾ, കളനാശിനികൾ, ആധുനിക കൃഷിഉപകരണങ്ങൾ എന്നിവ വ്യാപകമായെങ്കിലും മുടക്ക്മുതലിന് ചെറുകിട കൃഷിക്കാർക്ക് വളരെ അധികം ബുദ്ധിമുട്ടേണ്ടി വന്നു. ഈ സമയങ്ങളിൽ ഇത്തരം ഉപകരണങ്ങൾ സ്വയത്തമാക്കുന്നതിന് വായ്പ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ സമാന്തരമായി ഉണ്ടായില്ല.

അശാസ്ത്രീയമായ കൃഷിരീതികളും, രാസ കീടനാശിനി പ്രയോഗങ്ങളും കൃഷിഭൂമിയുടെ സ്വാഭാവിക ഘടനയും ഫലഭൂയിഷ്ടതയും നഷ്ടപ്പെടുത്തിയതിനാൽ മണ്ണിന്റെ ഉൾപ്പാദനക്ഷമത കുറഞ്ഞ് വന്നതു നെൽ കൃഷിയെ അനാകർഷകമാക്കി.

നേരത്തെ സൂചിപ്പിച്ച പോലെ ആദ്യകാലത്ത് കൃഷിയും അനുബന്ധ കച്ചവടവുമായിരുന്നു. താമരശ്ശേരി പഞ്ചായത്തിന്റെ അടിത്തറയെങ്കിൽ ഭൂപരിഷ്കരണ നിയമവും 1980 കളുടെ അവസാനനാൾ മുതൽ ഉണ്ടായ സജീവ ഗൾഫ് കുടിയേറ്റങ്ങളും താമരശ്ശേരിയുടെ സാമ്പത്തിക മേഖലകളിൽ ചെറിയ ചെറിയ മാറ്റങ്ങളുണ്ടാക്കി. കാർഷിക വൃത്തിയിൽ നിന്ന് ജനങ്ങൾ പതുക്കെ അകലുകയും സൂപ്പർ മാർക്കറ്റ് ഉൾപ്പെടെയുള്ള ആധുനിക കച്ചവട മേഖലയിലേക്കും. വാഹന സംബന്ധമായ ചെറിയ മേഖലയിലേക്കും തിരിയുകയുണ്ടായി.

നിലവിൽ നമ്മുടെ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ഒരു പാടശേഖരസമിതിയാണുള്ളത്. കർഷകർക്കുള്ള ആനുകൂല്യങ്ങൾ നേരിട്ട് ബാങ്ക് അക്കൗണ്ടിലൂടെ ലഭ്യമാക്കുന്നതിനാൽ ആനുകൂല്യങ്ങൾ അനർഹർ തട്ടിയെടുക്കുന്നതിനുള്ള പ്രവണത തടയുന്നതിന് സാധിച്ചിട്ടുണ്ട്.

## അദ്ധ്യായം – 2

## 2019–20 വാർഷിക പദ്ധതി വിലയിരുത്തൽ (അവലോകനം)

താമരശ്ശേരി പഞ്ചായത്ത് 2019–20 വർഷത്തിൽ ക്ഷീരോത്പാദനം രംഗത്ത് കന്നുകുട്ടി പരിപാലനത്തിൽ 450000/– രൂപ പദ്ധതി ആവിഷ്കരിച്ചതിൽ മുഴുവനായി നടപ്പിലാക്കുന്നതിന് സാധിച്ചു.

നമ്മുടെ പ്രധാന വിളയായ തെങ്ങ് കൃഷി വികസിക്കുന്നതിനാവശ്യമായ പദ്ധതികൾക്ക് പ്രാമുഖ്യം നൽകുകയും ആവശ്യമായ വിത്തും വളവും അനുവദിക്കുന്നതിനും , നെൽകൃഷി വികസനത്തിന് കൃഷി വ്യാപനത്തിനും അപേക്ഷിച്ച യോഗ്യരായ കൃഷിക്കാർക്ക് സമയ ബന്ധിതമായി നൽകാനും സാധിച്ചിട്ടുണ്ട്. കുട്ടികളുടെയും സ്ത്രീകളുടെയും സുരക്ഷക്കും ക്ഷേമത്തിനും വേണ്ടി അനുവദിച്ച തുകയിൽ 60% ത്തോളം ചെലവഴിക്കാൻ സാധിച്ചു. അലോപ്പതി, മെഡിസിൻ രംഗത്ത് ഏറെ പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചു.

കാർഷിക രംഗത്ത് പിന്നോക്കം പോവുന്ന പുതുതലമുറയെ ഈ രംഗത്തേക്ക് ആകർഷിക്കുന്നതിന് ഹണി – ബനാന വികസന മേഖല രൂപപ്പെടുത്തുകയും അതിൽ ഒട്ടേറെ മുമ്പോട്ട് പോവുകയും ചെയ്തു. ഭൂമിയുടെ കുറവിന് പുറമെ തൊഴിലാളികളുടെ കുറവ് ജലക്ഷാമം, വർദ്ധിച്ച കൂലി ചെലവ് എന്നവ നിലനിൽക്കുമ്പോൾ തന്നെ മറികടക്കാനുള്ള തന്ത്രങ്ങളും പഞ്ചായത്ത് ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

ഇടത്തട്ടുകാരുടെ ചൂഷണം മറികടക്കുന്നതിന് ഉൽപ്പന്നങ്ങൾ നേരിട്ട് വിറ്റഴിക്കുന്നതിന് വേണ്ടി ഇക്കോ ഷോപ്പ് പോലുള്ള വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ സാധിച്ചു.

മൃഗസംരക്ഷണ രംഗത്ത് കോഴി വിതരണം, എന്നീ ഗുണഭോക്തൃ പദ്ധതികളോടൊപ്പം മൃഗാശുപത്രിക്കു മരുന്നു വാങ്ങുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കാൻ സാധിച്ചു.

ശുചിത്വ വൽക്കരണത്തിന്റെ ഭാഗമായി ടൗണുകൾ കേന്ദ്രീകരിച്ചു വേയ്സ്റ്റ് നീക്കം ചെയ്യുന്നതിനും വീടുകളിൽ നിന്നും പ്ലാസ്റ്റിക്ക് മാലിന്യ ശേഖരിച്ചു റീസൈക്കിളിംഗ് നടത്തുന്നതിനും സാധിച്ചു. പഞ്ചായത്തിന്റെ സ്വന്തം ബഡ്സ് സ്കൂളിന് വേണ്ടിയുള്ള പ്രാരംഭ പ്രവർത്തനങ്ങൽ നടത്താൻ സാധിച്ചു. കൂടാതെ അംഗനവാടി പോഷകാഹാരം, ഭിന്നശേഷികുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. പഞ്ചായത്ത് ഓഫീസ് നവീകരണം പൂർത്തിയാക്കാനായതും , ഇ.ഗവേൺസ് സിസ്റ്റത്തിലേക്ക് മാറാനാവുന്നതും എടുത്തു പറയേണ്ടതും ശ്രദ്ധേമായതുമായ പദ്ധതികളാണ്.

### ആരോഗ്യ മേഖല

താലൂക്ക് ആസ്ഥാനമായി വികസനം പ്രാപിച്ച താമരശ്ശേരി ഗ്രാമപഞ്ചായത്തിൽ കേരളത്തിലെ മറ്റ് ഏതൊരു നഗരത്തേയും ബാധിക്കുന്ന ആരോഗ്യപ്രശ്നങ്ങളോടൊപ്പം മലയോരഗ്രാമത്തിന്റേതായ പ്രശ്നങ്ങളും നിലനിൽക്കുന്നുണ്ട്. മുൻകാലങ്ങളിൽ മൻസൂൺ ആരംഭത്തിൽ പടർന്ന് പിടിക്കാറുണ്ടായിരുന്ന മഞ്ഞപിത്തവും മറ്റു ജലജന്യ രോഗങ്ങളും കഴിഞ്ഞവർഷങ്ങളിൽ നിയന്ത്രണാധീതമാക്കുവാൻ കഴിഞ്ഞത് ആരോഗ്യമേഖലയിൽ നടപ്പാക്കിയ കർമ്മപദ്ധതിയുടെ വിജയമായി കണക്കാക്കാം. മുൻകൂട്ടി തയ്യാറാക്കിയ പഞ്ചായത്ത്തല കർമ്മപദ്ധതി പ്രകാരം മുഴുവൻ വാർഡുകളിലും ആരോഗ്യശുചിത്വ കമ്മറ്റിയുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ നടപ്പാക്കിയ മാസ് ക്ലോറിനേഷൻ, കൊതുകിന്റെ ഉറവിട നശീകരണം, ആരോഗ്യ ബോധവൽക്കരണം എന്നിവ ഫല പ്രാപ്തിയിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികളുടെ സാന്നിദ്ധ്യവും

മാലിന്യങ്ങൾ വർദ്ധിച്ചു വരുന്നതും പുരയിടങ്ങളിലും തോട്ടങ്ങളിലും കൊതുകിന്റെ സാന്ദ്രത കൂടി വരുന്നതും രോഗങ്ങൾ പൊട്ടിപുറപ്പെടുവാനുള്ള സാധ്യതക്ക് ആക്കം കൂട്ടുന്നുണ്ട്. ഇതോടൊപ്പം തൊഴിലുറപ്പ് പ്രവർത്തനങ്ങളിലും കന്നുകാലി വളർത്തൽ തുടങ്ങിയ മറ്റ് കാർഷിക വൃത്തിയിലേർപ്പെടുന്നവർക്കും എലിപ്പനി പകരാതിരിക്കാനുള്ള മുൻകരുതൽ കൂടി സ്വീകരിച്ച് വരുന്നുണ്ട്.

ഈ സാഹചര്യത്തിൽ മുൻവർഷത്തിൽ തുടർന്ന് വരുന്ന പ്രവർത്തനങ്ങളോടൊപ്പം ആരോഗ്യമേഖലയിലെ പുതിയ ഭീഷണികളും നേരിടുവാൻ പ്രാപ്തമായ കർമ്മ പദ്ധതി നടപ്പിൽ വരുമ്പോൾ ഓരോ പൗരന്റെയും ആരോഗ്യസുരക്ഷ ഉറപ്പ് വരുത്താൻ കഴിയും.

## നമ്മുടെ താലൂക്കാശുപത്രി – താമരശ്ശേരി

| | | | | | |
|---|---|---|---|---|---|
| 1 | ആശുപത്രിയുടെ പേര് | താലൂക്ക് ആശുപത്രി താമരശ്ശേരി | 13 | കിണർ | 6154 |
| 2 | ബ്ലോക്കിന്റെ പേര് | കൊടുവള്ളി | 14 | പൊതുകിണർ | 54 |
| 3 | സാമൂഹികാരോഗ്യ കേന്ദ്രം | നരിക്കുനി | 15 | കുഴൽകിണർ | 49 |
| 4 | വാർഡുകളുടെ എണ്ണം | 19 | 16 | സ്കൂൾ | 22 |
| 5 | മെഡിക്കൽ ഓഫീസർ | 1 | 17 | ഹൈസ്കൂൾ | 3 |
| 6 | ഹെൽത്ത് ഇൻസ്പെക്ടർ | 1 | 18 | ഹയർസെക്കൻഡറി സ്കൂൾ | 3 |
| 7 | പബ്ലിക് ഹെൽത്ത് നേഴ്സ് | 1 | 19 | അൺഎയിഡഡ് സ്കൂൾ | 5 |
| 8 | ജെ.എച്.ഐ.ഗ്രേഡ് 1 | 1 | 20 | എൽ.പി./യു.പി സ്കൂൾ | 11 |
| 9 | ജെ.എച്.ഐ.ഗ്രേഡ് 2 | 2 | 21 | കോളേജ് | 1 |
| 10 | ജെ.പി.എച്.എൻ.ഗ്രേഡ് 1 | 4 | 22 | അങ്കണവാടി | 32 |
| 11 | ജെ.പി.എച്.എൻ.ഗ്രേഡ് 2 | 1 | 23 | ആശവർക്കർ | 16 |
| 12 | ജനസംഖ്യ | 35706 | 24 | സ്വകാര്യ ആശുപത്രി | 5 |

| | | |
|---|---|---|
| 1 | ഇ.സി | 6482 |
| 2 | 5 വയസ്സിന്നുതാഴെയുള്ള കുട്ടികൾ | 3146 |
| 3 | കൗമാരപ്രായക്കാർ | 4218 |
| 4 | വൃദ്ധജനങ്ങൾ | 4532 |
| 5 | സർക്കാർ സ്ഥാപനങ്ങൾ | 28 |
| 6 | അമ്പലങ്ങൾ | 12 |
| 7 | മുസ്ലിം പള്ളികൾ | 28 |
| 8 | ക്രിസ്ത്യൻ പള്ളികൾ | 3 |
| 9 | കുടുംബശ്രീ യൂണിറ്റുകൾ | 262 |

## താമരശ്ശേരിയിലെ താലൂക്ക് ആശുപത്രിയിൽ ലഭ്യമാകുന്ന സേവനങ്ങൾ

(വീടുകൾ – 8700 , ജനസംഖ്യ – 35706, കൗമാരം – 4218, വൃദ്ധർ – 4532, കുട്ടികൾ ( 0 – 5) –3146 )

- 24 മണിക്കൂറും പ്രവർത്തിക്കുന്ന ലാബും അത്യാഹിത വിഭാഗവും
- മുഴുവൻ ദിവസങ്ങളിലും പ്രവർത്തിക്കുന്ന ജനറൽ ഒ.പി. വിഭാഗം
- തിങ്കൾ, ബുധൻ, ശനി – ഗൈനക്കോളജി വിഭാഗം (കുടുംബാസൂത്രണ സേവനം)
- ഞായറാഴ്ച ഒഴികെ എല്ലാ ദിവസങ്ങളിലും – കുട്ടികളുടെ വിഭാഗം, ജനറൽ മെഡിസിൻ, ജീവിതരോഗ ശൈലി ക്ലീനിക്ക്, ദന്തരോഗ വിഭാഗം, കാരുണ്യ ഫാർമസി (9 am to 5 pm)
- തിങ്കൾ, വ്യാഴം – ഇ.എൻ.ടി വിഭാഗം
- തിങ്കൾ – അനസ്ത്യേഷ .ഒ.പി. വിഭാഗം
- തിങ്കൾ, ബുധൻ, വെള്ളി – കാഴ്ച പരിശോധന
- ബുധൻ – വയോജന ഒ.പി, സ്വാന്തന പരിചരണ വിഭാഗം ഒ.പി പ്രതിരോധ കുത്തിവെപ്പ്
- ചൊവ്വ, വെള്ളി – ജനറൽ സർജറി
- വെള്ളി – ഭിന്നശേഷി വിഭാഗം ഒ.പി
- രണ്ടാമത്തെ വ്യാഴം – മെഡിക്കൽ ബോർഡ്
- ആദ്യ വ്യാഴം – മാനസികാരോഗ്യ ക്ലീനിക്ക്
- എല്ലാ വ്യാഴായ്ചയും – ആന്റിനെറ്റൽ ക്ലീനിക്ക്
- എല്ലാ ചൊവ്വാഴ്ചയും – സബ് സെന്ററുകളിൽ NCD Clinic
- ആദ്യ ചൊവ്വ – ക്യാൻസർ ഡിറ്റക്ഷൻ ക്യാമ്പ്
- എല്ലാ പ്രവർത്തി ദിവസങ്ങളിലും – പബ്ലിക് ഹെൽത്ത്, ജ്യോതിസ്, OST സെന്റർ
- ഗർഭിണികൾക്കുള്ള JSSK ആനുകൂല്യം
- ഡയബറ്റിക് – റെറ്റിനോപ്പതി ക്യാമ്പ്
- ആരോഗ്യ സേന
- ഇതരദേശ തൊഴിലാളികൾക്കുള്ള ക്യാമ്പ്, ഹെൽത്ത് കാർഡ് വിതരണം
- പാലിയേറ്റീവ് കെയർ (സ്വാന്തനം പദ്ധതി)
- അശ്വമേധം – (LCDC) എന്നീ പദ്ധതികൾ നടത്തിവരുന്നു.

ആരോഗ്യ രംഗത്തും ഡിഫ്ത്തീരിയ രോഗ പ്രധിരോധ രംഗത്തും പാലിയേറ്റീവ്, സാംക്രമിക രോഗ പ്രധിരോധ രംഗത്തും വമ്പിച്ച മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ വായു, ജല, അന്തരീക്ഷ മലിനീകരണം കൂടി വരുന്നത് കാരണം പല പുതിയ സാംക്രമിക രോഗങ്ങളും ഈ രംഗത്ത് വെല്ലു വിളിയുയർത്തുന്നു. പ്രത്യേകിച്ചും വർദ്ധിച്ചു വരുന്ന ഖര–ദ്രാവക മാലിന്യങ്ങൾ സുരക്ഷിതമായി നീക്കം ചെയ്യാൻ കഴിയാതെ വരുന്നത് കൊണ്ടും അമിതമായ പ്ലാസ്റ്റിക്ക്, തുടങ്ങിയവയുടെ ഉപയോഗത്തിലൂടെ വന്നു ചേർന്നിട്ടുള്ള പരിസ്ഥിതി പ്രശ്നവും നിലനിൽക്കുന്നു. ജനസംഖ്യ വർദ്ധനവും വീടുകളുടെ എണ്ണത്തിലെ വർദ്ധനവും ടൗൺഷിപ്പ് വർദ്ധിക്കുന്നതും വെള്ളത്തിന്റെ അപര്യാപ്തതക്ക് കൂടുതൽ കാരണമാവുന്നു. മണ്ണ്–ജല സംരക്ഷണ നടപടികളുടെ അഭാവവും ശരിയായ ജല സാക്ഷരത ഇല്ലായ്മയും ഈ പ്രശ്നത്തിന് ആക്കം കൂട്ടുന്നു.

അണു കുടുംബങ്ങളായി ജീവിക്കുന്ന ഇക്കാലത്ത് ഭവന രഹിത കുടുംബങ്ങളുടെ എണ്ണം കൂടി വരികയാണ്. ശുചിത്വ പൂർണമായി , അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായ സുരക്ഷിത ഭവനങ്ങൾ ലഭ്യമാക്കുക എന്നത് ഏതൊരു കുടുംബത്തിന്റെയും എക്കാലത്തെയും പ്രതീക്ഷയാണ്.

യുവജനങ്ങളുടെ കർമ്മശേഷി നമ്മുടെ വികസന രംഗത്തേക്ക് തിരിച്ചു വിടുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. രക്തദാനം ജീവനോൽ പ്രധാനം എന്ന മുദ്രാവക്യം

അന്യർത്ഥമാക്കും വിധം പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. മദ്യത്തിന്റെയും മയക്ക് മരുന്നിന്റെയും, പുകയില ഉൽപ്പന്നങ്ങളുടെയും ഉപയോഗം തടയുന്നതിന് വ്യാപകമായ ബോധ വൽക്കരണം സംഘടിപ്പിക്കുക. പൊതു സ്ഥലങ്ങൾ ശുചിയായി സംരക്ഷിക്കുന്നത് പ്രോത്സാഹിപ്പിക്കുക. കലാകായിക രംഗം ചലനോത്മകമാക്കുന്നതിന് പ്രത്യേക പരിശീലനം തുടങ്ങി ഒട്ടനവധി സേവന പ്രവർത്തനങ്ങൾക്ക് സന്നദ്ധ സംഘടനകളെ രംഗത്തിറക്കാനാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്. കൂടാതെ ഒരു സ്പോട്സ് അക്കാഡമിക്ക് രൂപ കൽപന ചെയ്യേണ്ടതും അത്യാവശ്യമാണ്.

കുടുംബശ്രീ സംവിധാനം കൂടുതൽ കാര്യക്ഷമമായ രീതിയിൽ നടത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതും സ്ത്രീശാക്തീകരണം കൂടുതൽ യാഥാർത്ഥ്യമാക്കേണ്ടതുമുണ്ട്. അംഗനവാടികൾ മുഖേന പോഷകാഹാരം വിതരണം ചെയ്യുന്നതിനുള്ള പദ്ധതി വർഷങ്ങളായി കാര്യക്ഷമായി നടത്തി വരുന്നു.

കുടിവെള്ള പ്രശ്നത്തിന് ശാശ്വതമായ ഒരു പരിഹാരം എന്ന നിലക്ക് ജലനിധി പദ്ധതി ഏറെ ആശ്വാസകരമാണെങ്കിലും മാർച്ച് മുതൽ 3 മാസങ്ങളിൽ വളരെ അധികം ആളുകൾ ജല ദൗർലഭ്യം നേരിടുന്നു. പ്രസ്തുത ആവശ്യം നിറവേറ്റുന്നതിന് ഇനിയും ജലസ്രോതസുകൾ കണ്ടെത്തേണ്ടതാണ്. മഴ വെള്ളം സംഭരിക്കുന്നതിനായി അതിബൃഹത്തായ ഒരു പൊതു ജന മുന്നേറ്റത്തിന് നാം സജ്ജരാക്കേണ്ടതുണ്ട്.

## പാശ്ചാത്തല മേഖല

ഏതൊരു വികസന പ്രവർത്തനത്തിനും അത്യാവശ്യ വേണ്ട സുഗമമായ ഗതാഗത സംവിധാന ലഭ്യതയിൽ നമ്മുടെ പഞ്ചായത്തിന് ഏറെ പ്രവർത്തിക്കേണ്ടതുണ്ട്. സുസജ്ജമായ റോഡുകളുടെ അഭാവം നില നിൽക്കുന്നു. പഞ്ചായത്തിന്റെ കുറുകെ കടന്നുപോകുന്ന ദേശീയ പാത പോലും വാഹനങ്ങളുടെ ആധിക്യം മൂലം വീർപ്പു മുട്ടുന്ന അവസ്ഥയാണ്. അത് പോലെ പഞ്ചായത്തിന്റെ അധീനതയിലുള്ള പല റോഡുകളും ഏറെ മെച്ചപ്പെടേണ്ടതുണ്ട്. സാംസ്കാരിക കേന്ദ്രങ്ങളും ജനസേവന കേന്ദ്രങ്ങളും നിർമ്മിച്ചു നൽകുകയും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ചു കൊടുക്കേണ്ടതുമുണ്ട്. റോഡുകളിൽ കൽവർട്ട് ആവശ്യമുള്ള പലസ്ഥലങ്ങളും നിലവിലുണ്ട്. ഊടു വഴികളും വയൽ വരമ്പുകളും ആശ്രയിക്കുന്ന ഒട്ടേറെ കുടുംബങ്ങളുണ്ട്. അവർക്കെല്ലാം സൗകര്യമുണ്ടാക്കുന്ന പ്രവർത്തനങ്ങളിലാണ് പഞ്ചായത്തിന്റെ പ്രതീക്ഷ.

## അധ്യായം – 3

## പ്രശ്ന വിശകലനവും പ്രശ്നപരിഹാര സാധ്യതകളും

**പ്രശ്നങ്ങൾ**

- ❖ ഭൂമിയുടെ ലഭ്യതകുറവ്
- ❖ നൂതന കൃഷി പരിശീലനത്തിന്റെ അഭാവം
- ❖ ആടു വളർത്തു സംരംഭകരുടെ താൽപര്യ കുറവ്
- ❖ തൊഴിൽ പരിശീലനത്തിന്റെ അഭാവം

**പരിഹാര സാധ്യതകൾ**

ജില്ലയിൽ നിലനിൽക്കുന്ന പൊതു വികസന പ്രശ്നങ്ങൾ താമരശ്ശേരി പഞ്ചായത്തിലും കാണാൻ സാധിക്കും. കാർഷിക മേഖലയിലും ഉൽപാദനകരമായ ഇടപെടൽ കാണാൻ സാധിക്കുന്നില്ല. വയലുകളെല്ലാം ഭൂരിഭാഗവും നികത്തി കഴിഞ്ഞു. ചുരുങ്ങിയ സ്ഥലങ്ങളിൽ മാത്രമെ നെൽകൃഷി നടക്കുന്നുള്ളൂ. വ്യവസായ മേഖലകളിൽ പറയത്തക്ക യൂണിറ്റുകളൊന്നും പ്രവർത്തിക്കുന്നില്ല. 50 ലധികം ജല വിതരണ പദ്ധതികൾ ഉണ്ടെങ്കിലും ജലക്ഷാമം വേനൽ കാലങ്ങളിൽ പ്രയാസം തന്നെയാകുന്നു. പഞ്ചായത്തിൽ 2020 ഓട് കൂടി പ്ലാറ്റിനം ജൂബിലി ആഘോഷിക്കുന്നതിന് വേണ്ടിയുള്ള ശ്രമത്തിലാണ്. പ്രസ്തുത പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാവുന്നതിന് "**മിഷൻ 2020**" എന്ന പേരിൽ 20 ഇന പരിപാടി ആസൂത്രണ ചെയ്യുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഹരിതാഭം, അരുമ, പാലാഴി പദ്ധതികളിലൂടെ കാർഷിക രംഗത്തും ജീവദാനം സുരക്ഷ താമരശ്ശേരി ശലഭം, സഞ്ചീവനം അക്ഷര വെളിച്ചം ,മിത്രം, സാന്ത്വനം , സ്പോർട്സ് അക്കാഡമി, മുഖ്യധാര, സ്നേഹിത, പദ്ധതികളിലൂടെ സേവന രംഗത്തും ഭവനം വഴിവിളക്ക്, അതിവേഗം ബഹുദൂരം, സ്മാർട്ട് താമരശ്ശേരി, ക്ലീൻ താമരശ്ശേരി പദ്ധതികളിലൂടെ പാശ്ചാത്തല മേഖലയിലും *മിഷൻ 2020* എന്ന വാർഷിക കർമ്മപദ്ധതിയിലൂടെ തോളോടു തോൾ ചേർന്ന് പരിഹാരം കാണുന്നതിനാണ് പഞ്ചായത്ത് ശ്രമിക്കുന്നത്.

കേന്ദ്ര – സംസ്ഥാന സർക്കാറിന്റെ എല്ലാ മാനദണ്ഡങ്ങളും പാലിച്ചു കൊണ്ട് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. പഞ്ചായത്ത് ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ടുകൊണ്ട് സ്മാർട്ട് താമരശ്ശേരി ഇ–ഗവേൺസ് എന്ന പേരിൽ എല്ലാ സർട്ടിഫിക്കറ്റുക്കളും ഒരു വിരൽതുമ്പിൽ വീട്ടിൽ നിന്ന് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാനാണ് ശ്രമിച്ചു കൊണ്ടിരിക്കുന്നത്. കുടുംബശ്രീ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. സ്നേഹിത എന്ന പദ്ധതി ഇത്തരം സ്ത്രീ ശാക്തീകരണ രംഗത്ത് കൂടുതൽ ശ്രദ്ധ ചെലുത്തുന്നതാണ്. ആരോഗ്യ രംഗത്ത് ആശാവഹമായ മുന്നേറ്റം ആവശ്യമാണ്. താലൂക്ക് ആശുപത്രിയോട് അനുബന്ധിച്ച് നടത്തുന്ന ഡയാലിസിസ് സെന്ററിന് കുടുതൽ സഹായം ആവശ്യമാണ് താലൂക്ക് ആശുപത്രി ആണെങ്കിലും അടിസ്ഥാന സൗകര്യങ്ങളും, ജീവനക്കാരുടെ തസ്തികകളും ലഭ്യമാക്കേണ്ടതുണ്ട്. ആയൂർവ്വേദ ഹോസ്പിറ്റലിനും ഹോമിയോ ഹോസ്പിറ്റലിനും സ്വന്തമായ ബിൽഡിംഗ് ആവശ്യമാണ്.

താമരശ്ശേരി പഞ്ചായത്തിലെ 5000–ത്തോളം വരുന്ന വനിതകൾക്കും (20–40 വയസ്സ്) 5000 ത്തോളം വരുന്ന യുവജനതക്കും (20–40 വയസ്സ്) സാമൂഹിക , സാമ്പത്തിക സംസ്കാരിക മേഖലയിൽ സമൂലമായ മാറ്റം വരുത്തേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി വരുമാനദായകവും സ്ഥായിയായതുമായ ഒരു തൊഴിൽ അത്യാവശ്യമാണ്. അതു പോലെ കുട്ടികളും, വനിതകളും, ആരോഗ്യമേഖല, കാർഷികമേഖല, സാമൂഹിക–സുരക്ഷിതത്വ മേഖല എന്നിവയിൽ ഏറെ സാധ്യതകൾ ഒരുക്കേണ്ടതുണ്ട്.

## അധ്യായം – 4

## വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം

ജനങ്ങളുടെ ദാരിദ്ര്യം, ഭൂരഹിതം, ഭവനരഹിതം എന്നിവ പരിഹരിച്ചു ഭൗതികവും, സാമൂഹികവുമായ വികസനം ലക്ഷ്യമാക്കി എല്ലാവർക്കും ക്ഷേമം കൈവരിക്കുകയാണ് പഞ്ചായത്തിന്റെ ലക്ഷ്യം പഞ്ചായത്ത് തലത്തിൽ സംസ്ഥാന – കേന്ദ്രവിഷ്കൃത പദ്ധതികൾ പരമാവധി പ്രയോജനപ്പെടുത്തി നമുക്ക് ലക്ഷ്യത്തിലേക്ക് എത്തുന്നതിനാണ് പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്.

## വിഷൻ 2020

"**വിഷൻ 2020**" എന്ന പദ്ധതിയിലൂടെ ഒരു വർഷം മുഴുവൻ നീണ്ട് നിൽക്കുന്ന പ്രവർത്തന യജ്ഞം നടത്തുന്നതിന്നുള്ള ആസൂത്രണം നടത്തുകയാണ് പ്ലാറ്റിനം ജൂബിലിയുടെ നിറവിലായ താമരശ്ശേരി പഞ്ചായത്ത്. സമഗ്ര വികസനം ലക്ഷ്യം വെച്ചു താഴെ പറയുന്ന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകിയുള്ള 20 ഇന പദ്ധതികളാണ് നടത്താൻ ഉദ്ദേശിക്കുന്നത്. കൂടാതെ "കാർബൺ ന്യൂട്രൽ പഞ്ചായത്ത്" എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി അന്തരീക്ഷത്തിലെ കാർബൺ അളവ് കുറയ്ക്കുന്നതിന്ന് മുൻതൂക്കം നൽകുന്ന തരത്തിലുള്ള വിവിധ പദ്ധതികളും സമയ ബന്ധിതമായി നടപ്പിലാക്കുന്നതിനും വേണ്ട പരിശ്രമത്തിലാണ്.

## സമീപനം

ശാസ്ത്രീയമായ കൃഷിരീതി, വിപണനത്തിൽ സമയോജിതമായ ഇടപെടൽ, ക്ഷീരോത്പാദനത്തിൽ സ്വയം പര്യാപ്തതയും ഗുണമേന്മയും, മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരണം എന്നീ പ്രായോഗികമായ പദ്ധതികൾ പദ്ധതികൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും അക്ഷരവെളിച്ചവും, സാമൂഹിക അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും ജല ലഭ്യത ഉറപ്പുവരുത്തിയും , സ്മാർട്ട് ഇ.ഗവേൺസ് നടപ്പിലാക്കിയും ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സദ്ഭരണത്തിൽ ഊന്നിയ പൊതുജന സേവനവും ക്ഷേമവും സ്വയത്തമാക്കുന്നതിന് പദ്ധതികളും ഉപ പദ്ധതികളും വികസന സമീപനത്തിന്റെ ഭാഗമായി തയ്യാറാക്കുന്നതാണ്.

## അധ്യായം – 5

## വിഭവ സ്രോതസുകൾ

| ക്രമ നമ്പർ | വിഭവ സ്രോതസ്സുകൾ | | | വകയിരുത്തുന്ന തുക |
|---|---|---|---|---|
| (1) | (2) | | | (3) |
| 1 | വികസന ഫണ്ട് | (1) | പൊതു വിഭാഗം | 19532000 |
| | | (2) | പട്ടികജാതി ഉപ പദ്ധതി | 8355000 |
| | | (3) | പട്ടിക വർഗ്ഗ ഉപ പദ്ധതി | 161000 |
| | | | ആകെ | 28048000 |
| 2 | പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | | 0 |
| 3 | ലോക ബാങ്ക് വിഹിതം | | | 0 |
| 4 | മെയിന്റനൻസ് ഗ്രാന്റ് | (1) | റോഡിതരം | 5280000 |
| | | (2) | റോഡ് | 11400000 |
| | | | ആകെ | 16680000 |
| 5 | തനത് ഫണ്ട് | | | 32297620 |
| 6 | സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം | | | 3174000 |
| 7 | കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം | | | 2200000 |
| 8 | വായ്പ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് | | | 0 |
| 9 | വായ്പ– മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് | | | 0 |
| 10 | ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ അടയ്ക്കുന്നത് | | | |
| 11 | ഗുണഭോക്തൃ വിഹിതം ഗുണഭോക്താവ് നേരിട്ട് വഹിക്കുന്നത് | | | |
| 12 | സന്നദ്ധ സേവനം | | | |
| 13 | സംഭാവന | | | |
| 14 | മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം | | ഗ്രാമപഞ്ചായത്തുകളിൽ നിന്ന് | 0 |
| | | | ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് | 5867920 |
| | | | ജില്ല പഞ്ചായത്തിൽ നിന്ന് | 4850000 |
| | | | ആകെ | |
| 15 | മറ്റുള്ളവ | | | |
| 16 | ആകെ മൊത്തം | | | |

## അദ്ധ്യായം–7

## പ്രത്യേക പദ്ധതികൾ/പരിപാടികൾ

*പ്രത്യേക ഘടക പദ്ധതി* : മുഖ്യധാര പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് പട്ടികജാതി വിഭാഗക്കാർക്കായി ഭവനനിർമ്മാണ പദ്ധതികൾ, റോഡുകൾ, കിണർ സംരക്ഷണം, കുടിവെള്ളം, വിവാഹ ധനസഹായം, ഭൂരഹിതർക്കും, എസ്.സി. വിഭാഗങ്ങൾക്കും, ലൈഫ് ഭവനം, വീട് വാസയോഗ്യമാക്കൽ, വീട് മേൽക്കൂര മാറ്റൽ, വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചറുകൾ എന്നിവക്ക് തുക വകയിരുത്തിയിട്ടുണ്ട്. ഇത് മുഖ്യധാര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

*പട്ടികവർഗ്ഗ പദ്ധതി* : വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, വിവാഹധനസഹായം എന്നിവക്കായി ഈ വാർഷികപദ്ധതിയിൽ തുക വകയിരുത്തി മുഖ്യധാര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

*വനിതഘടകപദ്ധതി* : വനിതകൾക്ക് വേണ്ടി ഗ്രൂപ്പ് സ്വയംതൊഴിൽ സംരംഭങ്ങൾക്കുള്ള സബ്സിഡി വിതരണം,ജാഗ്രതാസമിതി കുടുംബകൗൺസിലിംഗ്, അംഗൻവാടി ജീവനക്കാർക്ക് അധിക വേതനം നൽകൽ അംഗന്വാടി, അനുപൂരക പോഷകാഹാരം, തുടങ്ങിയ പദ്ധതികളും ഈ വാർഷിക പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. .

*ദാരിദ്രനിർമ്മാർജ്ജന ഉപപദ്ധതി* : അഗതി ആശ്രയ പദ്ധതി, ഭവനനിർമ്മാണ പദ്ധതികൾ എന്നിവ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രധാനമന്ത്രി ഭവനപദ്ധതി വിഹിതം അടവാക്കുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ മുട്ട കോഴി, ആട് വളർത്തൽ, , പോത്തുകുട്ടി വളർത്തൽ , കിടാരി വിതരണം, വിവാഹ ധനസഹായം, സമഗ്ര പച്ചക്കറികൃഷി, ജൈവപച്ചക്കറി പ്രോത്സാഹിപ്പിക്കൽ, നെല്ല് / തെങ്ങ് കൃഷി എന്നിവക്ക് തുക വകയിരുത്തിയിട്ടുണ്ട്.

*ശിശുക്കൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ* : ശാരീരീക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും, ദിവ്യാംഗത്ത്വമുള്ളവർക്ക് പാലിയെറ്റീവ് പ്രവർത്തനം, കലാ–കായികമേള, ക്യാമ്പും സർട്ടിഫിക്കറ്റ വിതരണവും, മുച്ചക്രവാഹനങ്ങൾ നൽകലും, വൃദ്ധർക്കായി ജീവിത ശൈലി രോഗ നിർണ്ണയവും, ഉപകരണ വിതരണവും, സാന്ത്വനം പാലിയെറ്റീവ് പ്രവർത്തനം, സഞ്ജീവനം, സ്നേഹിത, അക്ഷരവെളിച്ചം തുടങ്ങിയ പ്രോജക്ടുകൾക്ക് തുക വകയിരുത്തിയിട്ടുണ്ട്.

*മെയിന്റനൻസ് പദ്ധതി* : മെയിന്റനൻസ് പദ്ധതിയിൽ വിവിധ റോഡുകളുടെ റിപ്പയർ പ്രവർത്തികൾ, ഘടക സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷിക്കാനാവശ്യമായ വിവിധ പ്രോജക്ടുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

## അദ്ധ്യായം – 8

## വായ്പാബന്ധങ്ങൾ

കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ പദ്ധതിയിൽ നടപ്പിലാക്കുന്ന ലൈഫ് പദ്ധതി ഒരു വായ്പാ ബന്ധിത പദ്ധതിയാക്കിയാണ് വെച്ചത്. നാഗരിക ജീവിതത്തിന് സമാനമായ അവസ്ഥ ഉണ്ടാക്കുവാൻ നിരവധി വികസന പ്രവർത്തനങ്ങൾ നടത്തേണ്ടതായിട്ടുണ്ട്. പരിമിതമായ വരുമാനമാണ് നമുക്കുള്ളത്. അതുകൊണ്ട് തന്നെ ഇതര ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പകൾ എടുക്കുന്നതിനെ കുറിച്ചും ഭരണസമിതി വിശദമായി ആലോചിച്ചിട്ടുണ്ട്.2020-21 വാർഷിക പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് പുതുതായി 9 കോടി വായ്പയിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

## അദ്ധ്യായം – 9

## സമഗ്രപരിപാടികളും സംയോജന സാധ്യതകളും

സംസ്ഥാന സർക്കാറിന്റെ ഹരിത കേരളം പദ്ധതിയുമായി സംയോജിപ്പിച്ചാണ് ഹരിതാഭം, തെളിനീർ, ക്ലീൻ താമരശ്ശേരി എന്നീ പദ്ധതികൾ നടപ്പിലാക്കുന്നത്. ലൈഫ് മിഷന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചു കൊണ്ടാണ് ഭവനം പദ്ധതി നടപ്പിലാക്കുന്നത്, സംസ്ഥാന സർക്കാറിന്റെ ആർദ്രം പദ്ധതി അടിസ്ഥാനപ്പെടുത്തി താലൂക്ക് ആശുപത്രി എന്നിവിടങ്ങളിലെയും ആരോഗ്യ മേഖലയിലേയും പദ്ധതികൾ വെച്ചതിലൂടെ ഓരോ പൗരന്റെയും ആരോഗ്യസുരക്ഷ ഉറപ്പ് വരുത്താൻ കഴിയും.

കേന്ദ്ര–സംസ്ഥാന സർക്കാരുകളുമായി സംയോജിപ്പിച്ചു കൊണ്ടുള്ള പദ്ധതിയാണ്. അനുപൂരക പോഷകാഹാര പരിപാടി, കേന്ദ്രാവിഷ്കൃത പദ്ധതിയും സംയോജിപ്പിച്ചുകൊണ്ട് സമഗ്ര ആരോഗ്യം ഉറപ്പ് വരുത്തുന്ന ഒരു പദ്ധതിയാണ്. ഇതു കൂടാതെ വിദ്യാഭ്യാസ മേഖലയിലും ആരോഗ്യ കായിക മേഖലയിലും വിവിധ വകുപ്പുകളുമായി സംയോജിപ്പിച്ചു നാം അക്ഷരവെളിച്ചം, സ്പോർട്സ് അക്കാഡമി, ശലഭം എന്നീ പദ്ധതികൾ പ്രതീക്ഷിക്കുന്നു.

# അദ്ധ്യായം – 10
# മോണിറ്ററിംഗ് സംവിധാനങ്ങൾ

പദ്ധതി രൂപീകരണത്തിൽ നിർണ്ണായ പങ്ക് വഹിക്കുന്നത് വർക്കിംഗ് ഗ്രൂപ്പുകൾ തന്നെയാണ്. പ്രോജക്ടുകളുടെ മോണിറ്ററിംഗും നടത്തുന്നത്. പഞ്ചായത്തിലെ വാർഡ്മെമ്പർമാർ ചെയർമാനും, നിർവ്വഹണ ഉദ്യോഗസ്ഥർ കൺവീനറുമായി വിവിധ മേഖലകളിൽ പരിചയസമ്പന്നരായ വിശിഷ്ട വ്യക്തികൾ എന്നിവർ ഉൾപ്പെട്ടതാണ് മോണിറ്ററിംഗ് കമ്മിറ്റികൾ. ഇത്തരത്തിൽ 15 മോണിറ്ററിംഗ് ഗ്രൂപ്പുകളാണ് പഞ്ചായത്ത്ഭരണത്തിൽ പ്രവർത്തിച്ചുവരുന്നത്.

## വർക്കിംഗ് ഗ്രൂപ്പ് – 2021–22

